## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4616** **19-03-2025 - ൽ മറുപടിയ്ക്ക്**

## റാപ്പിഡ് റെസ്പോൺസ് സംഘത്തിന് അമിത ജോലിഭാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവി ശല്യം തടയാൻ വനംവകുപ്പിൽ രൂപീകരിച്ച റാപ്പിഡ് റെസ്പോൺസ് സംഘത്തിന് അമിത ജോലിഭാരം മൂലം ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയാത്തത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധ കാലയളവുകളിൽ റാപ്പിഡ് റെസ്പോൺസ് ടീം (ആർ.ആർ.ടി.) വിന്യസിച്ചിട്ടുണ്ട്. 31.05.2024 തീയതിയിലെ സ.ഉ. (കൈ) നം. 23/2024/വനം പ്രകാരം രൂപീകരിച്ച ഒൻപത് ആർ.ആർ.ടി.കൾ ഉൾപ്പെടെ വനം വകുപ്പിൽ സംസ്ഥാനത്ത് നിലവിൽ 28 ആർ.ആർ.ടി.കൾ ആണ് പ്രവർത്തിക്കുന്നത്. പുതുതായി രൂപീകരിച്ച ഒൻപത് ആർ.ആർ.ടി.കളിൽ ഓരോന്ന് വീതം സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ഫോറസ്റ്റ് ഡ്രൈവർ, പാർട്ട് ടൈം സ്വീപ്പർ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ ആകെയുള്ള 28 ആർ.ആർ.ടി. കളിൽ ചിലതിൽ ആവശ്യമായ തസ്തികകൾ നിലവിലില്ലായിരുന്നു. എന്നാൽ 12.12.2024 തീയതിയിലെ സ.ഉ.(സാധാ) നം. 519/2024/വനം പ്രകാരം അപ്രകാരമുള്ള ആർ.ആർ.ടി.കളിലേയ്ക്ക് ആവശ്യമായ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ഫോറസ്റ്റ് വാച്ചർ എന്നീ തസ്തികകൾ പുനർവിന്യസിച്ചും, ജോലി ക്രമീകരണ വ്യവസ്ഥയിലും ജീവനക്കാരെ നിയമിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് അധിക ചുമതല നൽകിയും ആർ.ആർ.ടി.കളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | റാപ്പിഡ് റെസ്പോൺസ് ടീമിന്റെ അംഗബലം ഉയർത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | വനം വകുപ്പിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന 28 ആർ.ആർ.ടി.കളിൽ എട്ട് ആർ.ആർ.ടി.കളിലാണ് ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ സ്ഥിരം തസ്തികകൾ ഉണ്ടായിരുന്നത്. ബാക്കിയുള്ള 20 ആർ.ആർ.ടി.കളിൽ തൊട്ടടുത്ത ഫോറസ്റ്റ് സ്റ്റേഷനിലെ/ ഡിപ്പോയിലെ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് അധിക ചുമതലയാണ് നൽകിയിരിക്കുന്നത്. ആർ.ആർ.ടി.കളുടെ |

| | | | |
|---|---|---|---|
| | | | പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി പോസ്റ്റ് അപ്ഗ്രഡേഷനിലൂടെ 20 ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ